# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4941 | 14.11.2019-ന് മറുപടിയ്ക്ക് |
|---|---|

## ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്ക മണ്ണുടിപ്പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട പള്ളിക്ക മണ്ണുടിപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് സംബന്ധിച്ച നടപടികളിലെ പുരോഗതി അറിയിക്കാമോ; | (എ) | പള്ളിക്ക മണ്ണുടിപ്പാലം അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള പഴയ ഭൂമിയേറ്റെടുക്കൽ നടപടികൾ കാലഹരണപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ആദിച്ചനല്ലൂർ വില്ലേജിലെ 0.83 ഹെക്ടർ സ്ഥലവും മീനാട് വില്ലേജിലെ 0.17 ഹെക്ടർ സ്ഥലവും ഉൾപ്പെടെ 1 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള പുതുക്കിയ അർത്ഥന 24/02/2018-ൽ അർത്ഥനാധികാരിയായ കൊല്ലം പൊതുമരാമത്ത് (നിരത്ത്) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളതാണ്. 24/7/2019-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ആയത് പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കലിന്റെ ഭരണാനുമതി, പുതിയ അലൈൻമെന്റ് സ്കെച്ച്, കേരള തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം, 2008 പ്രകാരം നിലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് എന്നിവ ലഭ്യമാക്കുവാൻ അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ ആക്ട്, 2013-ലെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ അലൈൻമെന്റ് സ്കെച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പുതിയ അലൈൻമെന്റ് സ്കെച്ച് അർത്ഥനാധികാരി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. |
| (സി) | പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയിലുൾപ്പെട്ട ഇരുപത്തിയേഴ് സെന്റ് നിലം ഉപയോഗിക്കുന്നതിന് അനുമതി തേടിയിട്ടുണ്ടോയെന്നും പ്രസ്തുത നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ? | (സി) | മണ്ണുടിപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്ത ആദിച്ചനല്ലൂർ വില്ലേജിലെ സർവ്വേ നമ്പർ 358/2, 360/1, 360/2, 360/3, 360/4, 360/5 എന്നിവയിൽ നിലമായി ഉൾപ്പെട്ട 0.049 ഹെക്ടർ സ്ഥലം നികത്തുന്നതിനുള്ള അനുമതി 04/01/2013-ലെ കൃഷി (എൻ.സി.എ) വകുപ്പിന്റെ സ.ഉ (എം.എസ്) നം.10/2013/കൃഷി നമ്പർ പ്രകാരം ലഭ്യമായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട നിലത്തിലെ വിസ്തീർണ്ണം 0.1133 ഹെക്ടർ ആയതിനാൽ വിസ്തീർണ്ണ വ്യത്യാസം വരുന്ന 0.0623 ഹെക്ടർ ഭൂമിക്ക് നിലം നികത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ